വാണിജ്യനികുതി, വിദ്യാഭ്യാസം, മോട്ടോർ വാഹനം, റവന്യൂ, തദ്ദേശസ്വയംഭരണം, ട്രഷറി, പൊതുവിതരണം, കേരള പോലീസ്, സർവ്വേ, ആരോഗ്യം, കൃഷി, രജിസ്ട്രേഷൻ തുടങ്ങിയ വകുപ്പുകളിൽ ഓൺലൈൻ ആയി സേവനങ്ങൾ ലഭ്യമാക്കുന്നതിനുള്ള പദ്ധതികൾ ഡിജിറ്റൽ കേരളയുടെ ഭാഗമായി നടപ്പിലാക്കിവരുന്നു. സ്റ്റാർട്ട് അപ്പ് സംരംഭങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനായി കേരള ടെക്നോളജി സ്റ്റാർട്ട് അപ്പ് പോളിസിക്ക് രൂപം നൽകുകയും അതനുസരിച്ച് നിരവധി പദ്ധതികൾ നടപ്പിലാക്കി വരുകയും ചെയ്യുന്നുണ്ട്. ഡിജിറ്റൽ എനേബ്ലിംഗിന്റെ (e-literacy) ഭാഗമായി സ്റ്റുഡന്റ്സ് പോലീസ് കേഡറ്റുകളുടെ സഹായത്തോടെ ഡിജിറ്റൽ സാക്ഷരത കൈവരിക്കുന്നതിനായി ഒരു പൈലറ്റ് പദ്ധതി തിരുവനന്തപുരം ജില്ലയിൽ നടപ്പിലാക്കി. അടുത്ത സാമ്പത്തിക വർഷം ഇതു മറ്റു ജില്ലകളിലേക്കുകൂടി വ്യാപിപ്പിക്കുന്നതാണ്.

(ബി) ഡിജിറ്റൽ കേരള പദ്ധതി സംസ്ഥാനം നടപ്പിലാക്കുന്ന സാഹചര്യത്തിൽ ഡിജിറ്റൽ ഇന്ത്യക്ക് വേണ്ടി ഭരണ നിർവ്വഹണ രംഗത്ത് പ്രത്യേകിച്ച് മാറ്റം വരുത്തേണ്ട സാഹചര്യമില്ല.

കാസർഗോഡ് ജില്ലയിലെ ചീമേനി ഐ.ടി. പാർക്ക്

233 (618) ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) : താഴെ കാണുന്ന ചോദ്യത്തിന് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ ചീമേനി ഐ.ടി പാർക്ക് നിർമ്മാണവുമായി ബന്ധപ്പെട്ട നടപടി ഇപ്പോൾ ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ?

ഉത്തരം

കാസർഗോഡ് ജില്ലയിലെ ചീമേനി ഐ.ടി. പാർക്കിൽ 50,000 ചതുരശ്ര അടിയുള്ള ഐ.ടി. കെട്ടിടത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ദ്രുതഗതിയിൽ പുരോഗമിക്കുന്നു. ഒക്ടോബർ 2016-ഓടെ കെട്ടിട നിർമ്മാണം പൂർത്തീകരിക്കാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

സ്മാർട്ട് സിറ്റി പദ്ധതിയുടെ പ്രവർത്തനം

234 (619) ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്മാർട്ട് സിറ്റി പദ്ധതിയുടെ പ്രവർത്തനം എന്നത്തേയ്ക്ക് ആരംഭിക്കുവാൻ സാധിക്കുമെന്ന് അറിയിക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly